# തിരുവായ്ക്ക് എതിർവായില്ല

എം. എൻ. കാരശ്ശേരി



തിരുവാക്ക് എതിർവായില്ല

എം. എൻ. കാരശ്ശേരി
(മലയാളം: ലേഖനം)

© 2024, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Autumn Leaves, a painting by Sir John Everett Millais (1829–1896). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# തിരുവായ്ക്ക് എതിർവായില്ല

അച്യുതാനന്ദൻ മന്ത്രിസഭയിലെ സഹകരണ–ദേവസ്വം മന്ത്രി ജി. സുധാകരൻ ഒരു ഭാഷാപ്രശ്നമായിത്തീർന്നിരിക്കുന്നു.

മന്ത്രി ഇങ്ങനെ പറയാമോ, ഈ വാക്ക് പ്രയോഗിക്കാമോ, ഇങ്ങനെ വിളിക്കാമോ, ഈ വിശേഷണം മാന്യതയ്ക്കു ചേരുമോ എന്നൊക്കെ നാട്ടുകാർ നിത്യവും അദ്ദേഹത്തിന്റെ 'ഭാഷ'യെപ്പറ്റി ചർച്ച നടത്തേണ്ട സ്ഥിതിയാണ്.

അദ്ദേഹം മന്ത്രിയായിട്ട് പതിനാല് മാസമേ ആയിട്ടുള്ളൂ. ഈ ചെറിയ കാലയളവുകൊണ്ടു തന്നെ വിവാദങ്ങളുടെ ചെലവിൽ ഏറ്റവുമധികം മാധ്യമശ്രദ്ധ നേടിയ മന്ത്രി എന്ന 'പേര്' നേടിയിരിക്കുന്നു.

സുധാകരൻ ഉന്നയിച്ച പ്രശ്നങ്ങൾ അധികവും വിവാദമായിത്തീർന്നത് അവയുടെ രാഷ്ട്രീയ–സാമൂഹ്യ പ്രസക്തി കൊണ്ടല്ല, അവ ഉന്നയിക്കാൻ അദ്ദേഹം ഉപയോഗിച്ച ഭാഷയുടെ രൂക്ഷത കൊണ്ടാണ്. ഒരുദാഹരണം: തന്റെ വകുപ്പിലെ ഉന്നതോദ്യോഗസ്ഥർ പിടിപ്പില്ലാത്തവരും അഴിമതിക്ക് കൂട്ടുനിൽക്കുന്നവരും ആണ് എന്നു പറഞ്ഞ കൂട്ടത്തിൽ ഈ മന്ത്രി 'കഴുത്തിൽ ഐ. എ. എസ്. എന്ന കാർഡ് തൂക്കിയാൽ നായ ഐ. എ. എസ്.-കാരനാവില്ല' എന്നു കൂടി പറഞ്ഞു. ആദ്യഭാഗത്തെ ഗൗരവം നിറഞ്ഞ ആരോപണമല്ല, രണ്ടാം ഭാഗത്തെ ഹരം പിടിപ്പിക്കുന്ന ശകാരമാണ് അതിനെ മാധ്യമങ്ങളുടെ ശ്രദ്ധയിലേക്ക് കൊണ്ടുവന്നത്.


ഇ. എം. എസ്. നമ്പൂതിരിപ്പാട്

മലയാളികൾക്ക് രാഷ്ട്രീയ സാമൂഹ്യകലാപ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ചർച്ചാപ്രമേയങ്ങൾ എറിഞ്ഞുകൊടുക്കുന്നതിൽ വിദഗ്ധനായിരുന്നു ഇ. എം. എസ്. നമ്പൂതിരിപ്പാട്. അദ്ദേഹം ജീവിച്ചിരിപ്പില്ലാത്തതുകൊണ്ട് താൻ ആ ജോലിചെയ്യുകയാണ് എന്ന് സുധാകരൻ അവകാശപ്പെട്ടിട്ടുണ്ട്. കൂട്ടത്തിൽ 'വിവാദങ്ങളില്ലാത്തത് ജഡമായ സമൂഹത്തിലാണ്' എന്നൊരു മഹദ് വചനവും!

വിമർശനം കൊണ്ടല്ലാതെ ശകാരം കൊണ്ട് ഇ. എം. എസ്. വല്ല ചർച്ചയും ഉത്പാദിപ്പിച്ചിട്ടുണ്ടോ? സംശയമാണ്. അദ്ദേഹം ഉന്നയിച്ച വാദഗതികൾ പല പലസംവാദങ്ങൾക്ക് വഴിതുറന്നിട്ടുണ്ട്. അവയിൽ വിവാദം കുറച്ചേയുള്ളൂ. ക്രിയാത്മകമായ ആശയചർച്ചകളെ സംവാദം എന്നും നേരം കൊല്ലികളായ വാക്ക്തർക്കങ്ങളെ വിവാദം എന്നും വകതിരിക്കാം. ഇ. എം. എസ്. ഉണ്ടാക്കിയത് അധികവും സംവാദമാണ്. സുധാകരൻ ഉണ്ടാക്കുന്നത് അധികവും വിവാദവും. ഇവ തമ്മിലുള്ള വ്യത്യാസത്തിന്റെ വകതിരിവില്ലായ്മകൊണ്ടാണ് രണ്ടും ഒന്നാണ് എന്ന് മന്ത്രിക്കു തോന്നുന്നത്.

വിമർശനത്തിലല്ല, ശകാരത്തിലാണ് മന്ത്രിയുടെ ഊന്നൽ. തെറ്റു കുറ്റങ്ങൾ സത്യസന്ധമായി എടുത്തുപറയുന്നതാണ് വിമർശനം. വ്യക്തികൾക്കുനേരെ അധിക്ഷേപവാക്കുകൾ പ്രയോഗിക്കുന്നതാണ് ശകാരം.


സുധാകരശൈലിയുടെ ചില മാതൃകകൾ നോക്കുക:

1. ആരു പറഞ്ഞാലും കേൾക്കാത്ത അമേരിക്കൻ നക്കിയാണ് കേന്ദ്രമന്ത്രി ചിദംബരം. (മാർച്ച് 2007)
2. ദേവസ്വം അധികാരികൾ ഭസ്മാസുരന്മാരാണ്. (മാർച്ച് 2007)
3. യേശുദാസിന്റെ ക്ഷേത്രപ്രവേശനത്തിൽ എതിർപ്പുള്ളത് അമ്പലക്കള്ളന്മാർക്കാണ്. (ഏപ്രിൽ 2007)
4. കൊച്ചി ദേവസ്വം ബോർഡിന്റെ മുൻ പ്രസിഡന്റ് തെമ്മാടിയാണെന്ന മുൻ പ്രസ്താവനയിൽ ഞാൻ ഉറച്ച് നിൽക്കുന്നു. (ജൂൺ 2007)
5. പൂജാരികൾ വാങ്ങുന്ന ദക്ഷിണ കൈക്കൂലിയാണ്. (ജൂൺ 2007)
6. വിളകളുടെ വില അറിയാത്ത കർഷകർ ആത്മഹത്യചെയ്യുന്നതാണ് നല്ലത്. (ഒക്ടോബർ 2006)
7. ജഡ്ജിമാർ ദല്ലാളന്മാരാണ്. (ആഗസ്റ്റ് 2006)
8. ഹിന്ദുപുരോഹിതന്മാർ മര്യാദയ്ക്കു മുണ്ടുടുക്കണം. (ഫെബ്രുവരി 2007)
9. ദേവസ്വം സെക്രട്ടറി നീചനും ക്രിമിനലും വേതാളവും ആണ്. (ഫെബ്രുവരി 2007)
10. എം. വി. ദാമോദരൻ ദേവനല്ല, അസുരനാണ്. (ജൂലൈ 2007)

പോരാത്ത ഉദാഹരണങ്ങൾ ഓർമയിൽനിന്ന് തപ്പിയെടുക്കാൻ വായനക്കാർക്ക് പ്രയാസം വരില്ല.

ഈ ശകാരഭാഷ അധികാരത്തിന്റെ ധാർഷ്ട്യം മാത്രം കാണിക്കുന്നതാണ്. തിരുവായ്ക്ക് എതിർവായില്ല എന്നുറപ്പുള്ളതുകൊണ്ടുമാത്രം പറയാൻ കഴിയുന്ന തമ്പുരാന്റെ ഭാഷയാണിത്. ഇപ്പറഞ്ഞതിന് തെളിവ് വേണോ: മന്ത്രിക്കു സദ്ബുദ്ധി തോന്നിക്കേണമേ എന്നും അദ്ദേഹത്തിന് ഞങ്ങളെ ചീത്ത പറയാൻ തോന്നിക്കരുതേ എന്നും ദൈവത്തോട് ഇരന്നുകൊണ്ട് ഒരു കൂട്ടം ദേവസ്വം ഭാരവാഹികളും ക്ഷേത്രജീവനക്കാരും മന്ത്രവാദം നടത്തി! ആ പൗരന്മാർ ഒരു ജനാധിപത്യസംവിധാനത്തിൽ അനുഭവിച്ച നിസ്സഹായത എത്രത്തോളമുണ്ട് എന്ന് കാണിക്കുവാൻ ആ ഒരൊറ്റ സംഭവംമതി—ആരും തുണയില്ലാത്തവന് ദൈവം തുണ!

ആക്ഷേപിക്കുവാൻ മറ്റുള്ളവരെ നായയോട് ഉപമിക്കുന്ന മനോഭാവം സുധാകരനിൽ ആവർത്തിച്ച് പ്രത്യക്ഷപ്പെടുന്നുണ്ട്. 'സാറാജോസഫ് കുരച്ചാൽ ഭയമില്ല', 'എം. വി. ദേവന് നായയുടെ വിലപോലുമില്ല' തുടങ്ങിയ പ്രസ്താവനകൾ ഉദാഹരണം. ഇവിടെയൊക്കെ ഈ വ്യക്തികളെ കുത്തിപ്പറയുന്ന കൂട്ടത്തിൽ നായകൂടി ആക്ഷേപിക്കപ്പെടുന്നുണ്ട് എന്ന് നാം ഓർത്തിരിക്കണം. ഈ തർക്കങ്ങളിൽ ഒരു പങ്കുമില്ലാത്ത നായയെ അതിലേക്ക് വലിച്ചിഴച്ചു കൊണ്ടുവരുന്നത് അനീതിയല്ലേ? നായയ്ക്കു അന്തസ്സില്ലെന്ന് വിധികൽപിക്കുന്നതിന്റെ അടിസ്ഥാനമെന്താണ്? 'പൗരാവകാശം' എന്നത് മനുഷ്യജീവിക്കെന്നപോലെ മറ്റു ജീവജാലങ്ങൾക്കും ബാധമാക്കേണ്ടതല്ലയോ? ഒരു കാര്യം ചോദിക്കട്ടെ: നായ്ക്കൾക്കു വോട്ടുണ്ടായിരുന്നെങ്കിൽ നായ്‌വിരുദ്ധ പ്രസ്താവനകളിറക്കുവാൻ മന്ത്രിക്ക് ഊക്കുണ്ടാവുമോ? പാശ്ചാത്യനാടുകളിൽ കാണുമ്പോലെ ഇവിടെയും നായപ്രേമികളുടെ സംഘങ്ങൾ ഇതിലൊക്കെ രോഷം പ്രകടിപ്പിച്ചു തുടങ്ങിയാൽ സുധാകരൻ കഷ്ടത്തിലാവില്ലേ?


കെ. ഇ. എൻ.

അനേകം അരുതായ്മകളുടെ പേരിൽ വന്നെത്തിക്കൊണ്ടിരിക്കുന്ന നാണക്കേടുകളുടെ മാറാപ്പുകളുടെ കൂട്ടത്തിൽ മാർക്സിസ്റ്റു പാർട്ടിക്കു സുധാകരന്റെ ഭാഷാവിഴുപ്പുകൂടി പേറേണ്ടി വന്നിരിക്കുന്നു. അത്തരമൊരു ദയനീയ ദൃശ്യമാണ് കെ. ഇ. എന്നിന്റെ വാക്കിൽ വെളിപ്പെട്ടത്: മാതൃഭൂമി പത്രാധിപർ കെ. ഗോപാലകൃഷ്ണനെ അധിക്ഷേപിച്ചുകൊണ്ട് സി. പി. എം. സ്റ്റേറ്റു സെക്രട്ടറി പിണറായി വിജയൻ നടത്തിയ പ്രകടനത്തിലെ ഭാഷയെ 'വാമൊഴിവഴക്കത്തിന്റെ സൗന്ദര്യം' എന്ന് പുകഴ്ത്തിയ പു. ക. സ. സെക്രട്ടറി കെ. ഇ. എൻ. അതേ തൃശൂർ പ്രഭാഷണത്തിൽ ജി. സുധാകരന്റെ ഭാഷയെ 'വാമൊഴി വഴക്കത്തിന്റെ മറ്റൊരു വീര്യം' എന്ന് വാഴ്ത്തുകയുണ്ടായി: 'കൊളോണിയിൽ തെമ്മാടികൾ'ക്കെതിരായ കീഴാളഭാഷയുടെ ഉയിർപ്പാണ് സുധാകരനിൽ കാണുന്നതത്രെ!

സി. പി. എം. നേതാക്കന്മാരും മന്ത്രിമാരും ഇത്തരം വാക്കുകൾ മറ്റുള്ളവരുടെ നേരെ ഉപയോഗിക്കുമ്പോൾ മാത്രമേ അവയുടെ 'സൗന്ദര്യ'വും 'വീര്യ'വും തിരിച്ചറിയപ്പെടുന്നുള്ളൂ എന്നതാണ് തമാശ. ഐസ്ക്രീം പാർലർ കേസിൽ പി. കെ. കുഞ്ഞാലിക്കുട്ടിയെ രാഷ്ട്രീയക്കാരും മാധ്യമങ്ങളും 'വേട്ടയാടു'ന്നതിൽ പ്രതിഷേധിക്കാനും പ്രതിയോട് 'അനീതി' (!) കാണിക്കരുത് എന്ന് കേരളീയ സമൂഹത്തെ ഉദ്ബോധിപ്പിക്കുവാനും വേണ്ടി 'സാംസ്കാരിക നായകന്മാർ' കോഴിക്കോട്ട് സംഘടിപ്പിച്ച ഒരു യോഗത്തിൽ അന്നത്തെ കോഴിക്കോട് ആകാശവാണി ഡയറക്ടർ രാജശേഖരൻ അന്നത്തെ പ്രതിപക്ഷ നേതാവ് വി. എസ്. അച്യുതാനന്ദനെ 'കോമാളി' എന്നു വിശേഷിപ്പിച്ചത് വലിയ പുക്കാറായിരുന്നു. പാർട്ടിക്കോ, പോഷകസംഘടനകൾക്കോ ആ വാമൊഴിയുടെ സൗന്ദര്യമോ, വീര്യമോ തെല്ലും പിടികിട്ടിയില്ല. അവർ പ്രതികാരമായി അനേകം അധിക്ഷേപ വാക്കുകൾ വിളിച്ചുകൂവിയത് പോരാഞ്ഞിട്ട് വടകരയിൽവെച്ച് ആ ഉദ്യോഗസ്ഥന്റെ ദേഹത്ത് കരിഓയിൽ ഒഴിച്ചും തെറിയഭിഷേകം നടത്തിയും അപമാനിച്ചുവിട്ടു. അതുകൊണ്ടും അരിശം തീരാഞ്ഞ് സ്ഥലംമാറ്റം അടക്കമുള്ള ഭീഷണികളുടെ കുത്തൊഴുക്കിൽ എത്രയോ മാസം ആ ഉദ്യോഗസ്ഥനെ വിറപ്പിച്ചു നിർത്തി...

ആകാശവാണി ഡയറക്ടർ വിമർശിക്കപ്പെടേണ്ടിയിരുന്നത് സ്ത്രീപീഡനക്കേസിലെ പ്രതികൾക്കുവേണ്ടി രംഗത്തുവന്നതിന്റെ പേരിലായിരുന്നു. പാർട്ടിക്കാർക്ക് ആ ഹാലിളക്കത്തിൽ ഇക്കാര്യം തിരിയാതെ പോയി.

ഏറെച്ചെല്ലും മുമ്പേ ഇതേ വി. എസിനെ ഇതേ കെ. ഇ. എൻ. ഭംഗ്യന്തരേണ 'ആൾദൈവം' എന്നു വിശേഷിപ്പിക്കുന്നത് കേൾക്കാനും മലയാളികൾക്ക് ഇടയായി. അന്ന് പാർട്ടിയുടെ യുവജനസേനകളൊന്നും കോമരം തുള്ളാതിരുന്നതിൽ നിന്ന് ന്യായമായും ഊഹിക്കേണ്ടത് ടി പ്രയോഗത്തെ വാമൊഴിവഴക്കത്തിന്റെ 'സൗന്ദര്യ'ക്കണക്കിലോ, 'വീര്യ'ക്കണക്കിലോ വരവ് വെച്ചു എന്നാണ്. വാക്കുണ്ടെങ്കിൽ ചാച്ചും ചരിച്ചും കെട്ടാം!

ഏതാണ് തെറി, ഏതാണ് അശ്ലീലം എന്നൊക്കെയുള്ള തീർപ്പുകൾ കാലത്തിനും ദേശത്തിനും അനുസരിച്ച് മാറിമറിയും. സന്ദർഭത്തിനനുസരിച്ച് എപ്പോഴും അത് മാറാം. എന്റെ നിലപാട്: നിങ്ങളുടെ നേരെ വല്ലവരും ഉപയോഗിച്ചാൽ നിങ്ങൾക്ക് രസിക്കാനിടയില്ലാത്തത് നിങ്ങൾ വല്ലവരുടെയും നേരെ ഉപയോഗിക്കുമ്പോൾ ഭാഷയിലെ ജനാധിപത്യം ധ്വംസിക്കപ്പെടുന്നു. ഇത്തരം ധ്വംസനം നടക്കുന്ന ഏതു പദപ്രയോഗവും തെറിയാണ്.

ജി. സുധാകരൻ മറ്റുള്ളവരുടെ നേരെ ഉപയോഗിച്ച പദങ്ങൾ അതു കേൾക്കേണ്ടി വന്നവർ തിരിച്ചു പ്രയോഗിച്ചാൽ അദ്ദേഹം ചൂടാകുമോ? പാർട്ടിക്കാർ ഇളകിയാടുമോ? എങ്കിൽ അദ്ദേഹം നടത്തിയ അത്തരം വാക്ശരങ്ങൾ തെറിമാത്രമാണ്. മന്ത്രിസ്ഥാനത്തുനിന്ന് ഇറങ്ങിക്കഴിഞ്ഞാലും ഇത്തരം പദങ്ങൾ ഉപയോഗിച്ച് വലിയ ഉദ്യോഗസ്ഥന്മാരെയും നേതാക്കന്മാരെയും വിമർശിക്കുവാൻ അദ്ദേഹത്തിന് ഉശിരുണ്ടാകുമോ? ഇല്ലെങ്കിൽ അദ്ദേഹം നടത്തിയ അത്തരം വാക്ശരങ്ങൾ തെറി മാത്രമാണ്. കെ. ഇ. എൻ. പറഞ്ഞ തരത്തിൽ ഈ ഭാഷ 'കീഴാളം' ആണോ എന്നതിനുള്ള രാസപരിശോധനയ്ക്കും ഈ പരീക്ഷണം മതി.

ന്യായത്തിൽ തോറ്റവനോ, തോൽക്കും എന്ന് പേടിയുള്ളവനോ ആണ് തെറിപറയുന്നത്. കാര്യമാണ് പറയുന്നത് എന്ന് ഉത്തമബോധ്യമുണ്ടെങ്കിൽ സുധാകരൻ എന്തിനാണ് ഈ മട്ടിൽ ശകാരിക്കുന്നത്? അദ്ദേഹം ഉന്നയിക്കുന്ന പ്രശ്നങ്ങളിൽനിന്ന് ജനശ്രദ്ധ മാറ്റിക്കളയാനേ അതുപകരിക്കൂ എന്നുറപ്പാണ്. കഴിഞ്ഞ പതിനാല് മാസമായി അദ്ദേഹം പറഞ്ഞുകൊണ്ടിരുന്ന കാര്യങ്ങളിൽ ജനങ്ങൾ ഏറ്റവുമധികം ഓർത്തുവെച്ചിരിക്കുന്നത് ഈ ശകാരഘോഷം ആണ് എന്ന അനുഭവം തന്നെ തെളിവ്.

സംവാദം സൃഷ്ടിക്കാൻ ജനാധിപത്യവിരുദ്ധമായ ഈ ഭാഷ പറ്റില്ല. വിവാദം ഉണ്ടാക്കാനാണെങ്കിൽ, മാധ്യമങ്ങളിൽ നിറയാനാണെങ്കിൽ, ഇത് ധാരാളം.

ഭാഷാപോഷിണി: ആഗസ്റ്റ് 2007.

□

## എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണു് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളതു്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണു്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണു്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണു്. അവ സായാഹ്നപ്രവർത്തകർക്കു് കൂടുതൽ ഉത്തേജനം നൽകുന്നതാണു്.